പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 1917 | 04.05. 2017 ൽ മറുപടിക്ക്

## ഗാർഹിക ഉപഭോക്താക്കൾക്ക് വൈദ്യുതി നിരക്കിൽ വരുത്തിയ വർദ്ധനവ്

**ചോദ്യം**

ശ്രീ.വി.എസ്.ശിവകുമാർ
"ഷാഫി പറമ്പിൽ
"സണ്ണി ജോസഫ്
"അൻവർ സാദത്ത്

**ഉത്തരം**

ശ്രീ.എം.എം.മണി
(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) നിലവിൽ കേരളത്തിൽ എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉല്പാദിപ്പിക്കുന്നത്, കേരളത്തിലെ നിലവിലെ വൈദ്യുതി ഉപഭോഗം എത്രയാണ്, കുറവു വരുന്ന വൈദ്യുതി വാങ്ങുന്നതിന് നിലവിൽ ഒരു യൂണിറ്റിന് എത്ര രൂപയാണ് ചെലവ് വരുന്നത്; | (എ) പീക്ക് സമയത്തെ കണക്കനുസരിച്ച് നിലവിൽ ഏകദേശം 1130 മെഗാവാട്ട് വൈദ്യുതിയാണ് ഉല്പാദിപ്പിക്കുന്നത്. കേരളത്തിലെ നിലവിലെ ശരാശരി ഉപഭോഗം 73.95 Mu ആണ്. കേന്ദ്ര വൈദ്യുതി നിലയങ്ങളിൽ നിന്നും മറ്റ് സ്വകാര്യ സംരംഭകരിൽ നിന്നും പവർ എക്സ്ചേഞ്ചിൽ നിന്നും വാങ്ങുന്ന വൈദ്യുതിയുടെ മാർച്ച് മാസത്തിലെ ശരാശരി വില യൂണിറ്റ് ഒന്നിന് 3.84 രൂപയാണെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. |
| (ബി) ഗാർഹിക ഉപഭോക്താക്കൾക്ക് വൈദ്യുതി നിരക്കിൽ വർദ്ധന വരുത്തിയിട്ടുണ്ടോ, എത്ര പൈസയുടെ വർദ്ധനവാണ് വരുത്തിയത്; | (ബി) ഗാർഹിക ഉപഭോക്താക്കൾക്ക് സംസ്ഥാന റെഗുലേറ്ററി കമ്മീഷന്റെ 17.04.2017 ലെ ഉത്തരവുപ്രകാരം, 18.04.2017 മുതൽ വൈദ്യുതി ചാർജ്ജിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു. എന്നാൽ പ്രതിമാസം 250 യൂണിറ്റ് വരെ ഉപഭോഗമുള്ളവർക്ക് യൂണിറ്റൊന്നിന് 10 പൈസാ മുതൽ 30 പൈസാ വരെയും 251 യൂണിറ്റ് മുതൽ 400 വരെയുള്ള ഉപഭോക്താക്കൾക്ക് യൂണിറ്റൊന്നിന് 40 മുതൽ 50 പൈസാ വരെയുമാണ് വർദ്ധനവ് വരുത്തിയിട്ടുള്ളത്. അതായത് പ്രതിമാസം 250 യൂണിറ്റ് വരെ ഉപഭോഗമുള്ള 97% ഗാർഹിക ഉപഭോക്താക്കൾക്ക് 5% ൽ താഴെ മാത്രമേ വർദ്ധനവ് വരുത്തിയിട്ടുള്ളൂ. കൂടാതെ പ്രതിമാസം 120 യൂണിറ്റ് വരെ ഉപഭോഗമുള്ളവർക്ക് വൈദ്യുതി ചാർജ്ജിന്മേൽ നൽകി വരുന്ന സബ്സിഡി (ആദ്യത്തെ 40 യൂണിറ്റിന് 35 പൈസാ ക്രമത്തിലും 41 മുതൽ 120 യൂണിറ്റ് വരെ 50 പൈസാ ക്രമത്തിലും) നിരക്ക് വർദ്ധനവിന് ശേഷവും നൽകി വരുന്നു. ഇതിനുപുറമേ പ്രതിമാസം 120 യൂണിറ്റ് വരെയുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് ഫിക്സഡ് ചാർജ്ജിനത്തിൽ 20 രൂപ സബ് സിഡി നൽകി വന്നിരുന്നത് തുടരുന്നുണ്ട്. |
| (സി) 2019 വരെ ഗാർഹിക ഉപഭോക്താക്കൾക്കുള്ള വൈദ്യുതി നിരക്കിൽ വർദ്ധനവ് വരുത്തില്ലായെന്ന രീതിയിൽ കേന്ദ്ര സർക്കാരുമായി ഏതെങ്കിലും | (സി) കേന്ദ്ര സർക്കാർ തയ്യാറാക്കിയ ഉദയ് സ്കീമിൽ ചേരുമ്പോൾ തയ്യാറാക്കിയ പ്രതീക്ഷിത വരവുചെലവു കണക്കുകൾ പ്രകാരം 2017-18 ൽ തുടങ്ങുന്ന സാമ്പത്തിക വർഷങ്ങളിൽ ബോർഡ് തനതുവർഷം ലാഭത്തിലേയ്ക്ക് നീങ്ങുമെന്നുമാണ് പ്രതീക്ഷിച്ചിരുന്നത്. ആയതിനാൽ |

| | |
|---|---|
| കരാറിൽ ഒപ്പ് വച്ചിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ? | തനതു വർഷ കണക്കുകൾ പ്രകാരം നിരക്ക വർദ്ധന വേണ്ടി വരില്ല എന്നു പ്രതീക്ഷിച്ചിരുന്നു. എന്നാൽ സംസ്ഥാന റെഗുലേറ്ററി കമ്മീഷന്റെ കണക്ക് പ്രകാരം കെ.എസ്.ഇ.ബി. ക്ക് 2012-13 സാമ്പത്തിക വർഷം വരെ 4,944.05 കോടി രൂപയുടെ റവന്യൂകമ്മി ഉണ്ടായിട്ടുണ്ട്. പ്രസ്തുത തുകയുടെ ഒരു ഭാഗം ഏകദേശം 1,040 കോടി രൂപ നികത്തുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിൽ റെഗുലേറ്ററി കമ്മീഷൻ നേരിയ നിരക്ക് വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. കൂടാതെ വൈദ്യുതി നിരക്ക് വർദ്ധനവ് അനുവദിക്കുന്നതിനുള്ള അധികാരം സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ പരിധിയിൽ വരുന്നതിനാൽ റെഗുലേറ്ററി കമ്മീഷൻ സ്വമേധയാ എടുത്ത നടപടി ക്രമങ്ങളുടെ ഭാഗമായിട്ടാണ് 2017-18 സാമ്പത്തിക വർഷത്തേയ്ക്കുള്ള നിരക്ക് വർദ്ധനവിന്റെ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിച്ചത്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം-1

(1) ഗാർഹികം - എൽ ടി 1

| പ്രതിമാസ ഫിക്സഡ് ചാർജ്ജ് (രൂപ/കണക്ഷൻ) | പഴയ നിരക്ക് | പുതുക്കിയ നിരക്ക് | വർദ്ധനവ് (രൂപയിൽ) |
|---|---|---|---|
| സിംഗിൾ ഫേസ് ഉപഭോക്താക്കൾ | 20 | **30** | 10 |
| ത്രീഫേസ് ഉപഭോക്താക്കൾ | 60 | **80** | 20 |

**എനർജി ചാർജ്ജ് (രൂപ /യൂണിറ്റ്)**

| പ്രതിമാസ ഉപഭോഗം (യൂണിറ്റിൽ) | പഴയ നിരക്ക് (രൂപ / യൂണിറ്റ്) | പുതുക്കിയ നിരക്ക് (രൂപ / യൂണിറ്റ്) | **വർദ്ധനവ് (പൈസയിൽ)** | കുറിപ്പ് |
|---|---|---|---|---|
| 0-40 | 1.50 | 1.50* | **ഇല്ല** | ടെലിസ്കോപ്പിക് |
| 0-50 | 2.80 | 2.90 | **10** | |
| 51-100 | 3.20 | 3.40 | **20** | |
| 101-150 | 4.20 | 4.50 | **30** | |
| 151-200 | 5.80 | 6.10 | **30** | |
| 201-250 | 7.00 | 7.30 | **30** | |
| 0-300 | 5.00 | 5.50 | **50** | നോൺ ടെലിസ്കോപ്പിക് |
| 0-350 | 5.70 | 6..20 | **50** | |
| 0-400 | 6.10 | 6.50 | **40** | |
| 0-500 | 6.70 | 6.70 | **ഇല്ല** | |
| Above 500 units | 7.50 | 7.50 | **ഇല്ല** | |

ദ്വൈമാസം 240 യൂണിറ്റുവരെ വൈദ്യുതി ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കളെ 25.07.2012 ലെ ഉത്തരവ്പ്രകാരമുള്ള താരിഫ് വർദ്ധനവിൽ നിന്നും ഗവൺമെൻറ് സബ്സിഡി നൽകി ഒഴിവാക്കിയിട്ടുണ്ട്. ഇത് ഇപ്പോഴും തുടരുന്നുണ്ട്.

ദ്വൈമാസം 240 യൂണിറ്റുവരെ വൈദ്യുതി ഉപയോഗിക്കുന്ന സിംഗിൾ ഫേസ് ഗാർഹിക ഉപഭോക്താക്കളെ ഫിക്സഡ് ചാർജ്ജ് (പ്രതിമാസ 20 രൂപ മാത്രം) ഒടുക്കുന്നതിൽ നിന്നും സബ്സിഡി നൽകി ഒഴിവാക്കിയിട്ടുണ്ട്. ഇത് ഇപ്പോഴും തുടരുന്നുണ്ട്.

(*) ദ്വൈമാസം 80 യൂണിറ്റ് വരെ വൈദ്യുതി ഉപയോഗിക്കുന്ന, 1000 വാട്ട്സ് വരെ കണക്ടഡ് ലോഡുള്ള ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ഉപഭോക്താക്കൾക്ക് മാത്രം ബാധകം

ദ്വൈമാസം 80 യൂണിറ്റ് വരെ വൈദ്യുതി ഉപയോഗിക്കുന്ന, 1000 വാട്ട്സ് വരെ കണക്ടഡ്ലോഡുള്ള, ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ഗാർഹിക ഉപഭോക്താക്കളെ ഫിക്സഡ് ചാർജ്ജിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

ദ്വൈമാസം 40 യൂണിറ്റ് വരെ വൈദ്യുതി ഉപയോഗിക്കുന്ന, 500 വാട്ട്സ് വരെ കണക്ടഡ്ലോഡുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് (വൈദ്യുതി) സൗജന്യമായി നൽകിവരുന്നു

എൻഡോസൾഫാൻ ദുരിതബാധിതർക്ക് ആദ്യത്തെ 150 യൂണിറ്റിന് 1.50 രൂപ നിരക്കിലാണ് വൈദ്യുതി നൽകിവരുന്നത്.

സെക്രട്ടറി (ഒപ്പ്)